REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-06-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി ഔദ്യോഗിക സന്ദർശനത്തിന് സ്ലോവാക്യയിൽ എത്തി.**
- **52-ാമത് G7 ഉച്ചകോടിക്ക് ഫ്രാൻസിൽ ഇന്ന് തുടക്കം.**
- **സംസ്ഥാനത്ത് KSRTC ഓർഡിനറി ബസുകളിൽ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും ഇന്ന് മുതൽ സൗജന്യ യാത്ര.**
- **ഇന്ന്  ലോക വയോജന അതിക്രമ വിരുദ്ധ ദിനം.**
- **ഫിഫ ലോകകപ്പിൽ ഗ്രൂപ്പ് E യിൽ ജർമ്മനി, കുറസാവോയെ ഒന്നിനെതിരെ ഏഴ് ഗോളുകൾക്ക് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഔദ്യോഗിക സന്ദർശനത്തിന് സ്ലോവാക്യയിൽ എത്തി. ഇന്ത്യാ സ്ലോവാക്യ ബന്ധം കൂടുതൽ ശക്തമാക്കാൻ അവസരമാണ് സന്ദർശനം നൽകുന്നതെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. സ്ലോവാക് പ്രസിഡന്റുമായും പ്രധാനമന്ത്രിയുമായും നരേന്ദ്രമോദി ഇന്നു കൂടിക്കാഴ്ച നടത്തും.

കൂടുതൽ വിവരങ്ങളുമായി സ്ലോവാക് റിപ്പബ്ലിക്കിലെ ബ്രാട്ടിസ്ലാവയിൽ നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

........വോയ്സ്...........

ഇന്നലെ രാത്രി സ്ലോവാകിയൻ തലസ്ഥാനമായ ബ്രാട്ടിസ്ലാവയിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ആവേശോജ്വല വരവേൽപ്പാണു ലഭിച്ചത്.

ബ്രാട്ടിസ്ലാവയിലെത്തിയ പ്രധാനമന്ത്രിയെ സ്ലോവാകിയൻ വിദേശകാര്യ മന്ത്രി യൂറൈ ബ്ലാനർ സ്വീകരിച്ചു. പ്രധാനമന്ത്രിക്കുള്ള ഔദ്യോഗിക സ്വീകരണം ഇന്നു രാവിലെ നടക്കും. നിരവധി ഇന്ത്യക്കാരാണ് പ്രധാനമന്ത്രിയെ കാണാനായി ബ്രാട്ടിസ്ലാവയിൽ എത്തിയത്. പ്രധാനമന്ത്രി എത്തിയപ്പോൾ സ്ലോവാക് ഗായക സംഘമായ ലുക്നീയ ഓൺസാമ്പിൾ അവതരിപ്പിച്ച വന്ദേമാതരവും ഏറെ ശ്രദ്ധേയമായി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഫ്രാൻസ് നീസ് സന്ദർശനം അവസാനിച്ചു. സന്ദർശന വേളയിൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി ചർച്ച നടത്തിയ പ്രധാനമന്ത്രി ഇരു രാജ്യങ്ങൾക്കുമിടയിലെ ആഗോള പങ്കാളിത്തം കൂടുതൽ ശക്തമാക്കാൻ തീരുമാനിച്ചു. സാങ്കേതികവിദ്യകളിലെ സഹകരണത്തിന് വഴിയെരുക്കുന്ന ഇന്ത്യ-ഫ്രാൻസ് ഇന്നൊവേഷൻ റോഡ്മാപ്പ് 2030 പുറത്തിറക്കിയതാണ് സന്ദർശനത്തിന്റെ പ്രധാന ആകർഷണ വിഷയം.

✪✪✪

52-ാമത് G7 ഉച്ചകോടിക്ക് ഫ്രഞ്ച് നഗരമായ എവിയനിൽ ഇന്ന് തുടക്കമാകും. മൂന്ന് ദിവസത്തെ പരിപാടിക്ക് ലോക നേതാക്കളും പ്രതിനിധികളും എത്തുന്നതോടെ എവിയൻ ആഗോള നയതന്ത്രത്തിന്റെ കേന്ദ്രമായി മാറും. ബ്രിട്ടൻ, അമേരിക്ക, കാനഡ, ജർമ്മനി, ഇറ്റലി, ജപ്പാൻ എന്നിവയുൾപ്പെടെ G7 രാജ്യങ്ങളിലെ നേതാക്കളെയും യൂറോപ്യൻ കൗൺസിൽ, യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റുമാരെയും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ വൈകിട്ട് ഔദ്യോഗികമായി സ്വാഗതം ചെയ്യും.

✪✪✪

സംസ്ഥാനത്ത് KSRTC ഓർഡിനറി ബസുകളിൽ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സൗജന്യ യാത്ര അനുവദിക്കുന്ന 'പ്രിയദർശിനി' പദ്ധതിക്ക് രാവിലെ തുടക്കമാകും. സംസ്ഥാനതല പരിപാടി മുഖ്യമന്ത്രി VD സതീശൻ തിരുവനന്തപുരം തമ്പാനൂർ ബസ് ടെർമിനലിൽ ഉദ്ഘാടനം ചെയ്യും.

സംസ്ഥാനത്താകെ 3125 ഓർഡിനറി ബസുകളിലാണ് സൗജന്യയാത്ര ലഭ്യമാകുക. തിരിച്ചറിയുന്നതിന് ബസുകളിൽ പ്രിയദർശിനി സ്റ്റിക്കർ പതിച്ചിട്ടുണ്ടാകും. നിലവിൽ സ്ത്രീകൾക്ക് ഓർഡിനറി ബസുകളിലേതുപോലെ 15 കിലോ വരെ ലഗേജ് സൗജന്യമായി കൊണ്ടുപോകാം. സ്ത്രീകൾക്കൊപ്പം നാലു മുതൽ 11 വരെ പ്രായക്കാരായ ആൺകുട്ടികളുണ്ടെങ്കിൽ അവർക്ക് പണം നൽകി ഹാഫ് ടിക്കറ്റെടുക്കണം. കണ്ടക്ടറിൽ നിന്ന് പ്രിയദർശിനി ടിക്കറ്റ് വാങ്ങിയ ശേഷം സൗജന്യമായി യാത്ര ചെയ്യാൻ സാധിക്കും. ഓർഡിനറി, സിറ്റി

ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി, ടൗൺ ടു ടൗൺ, ഫെയർസ്റ്റേജ് ലിമിറ്റഡ് സ്റ്റോപ്പ്, പോയിന്റ് ടു പോയിന്റ് ഓർഡിനറി, ഗ്രാമവണ്ടി ബസുകളിലാണ് സൗജന്യം ലഭ്യമാവുക..

✪✪✪

ഇന്ദിര ഗ്യാരന്റി പദ്ധതിയുടെ ഭാഗമായ KSRTC സർവീസുകളിലെ സ്ത്രീകളുടെ 'പ്രിയദർശിനി' സൗജന്യ യാത്ര പദ്ധതി കോഴിക്കോട് ജില്ലാതല പരിപാടി മാവൂർ റോഡ് KSRTC ബസ് സ്റ്റാന്റിൽ MK രാഘവൻ MP ഉദ്ഘാടനം ചെയ്യും.

ജില്ലയിൽ കോഴിക്കോട്, താമരശ്ശേരി, വടകര, തൊട്ടിൽപാലം, തിരുവമ്പാടി എന്നീ ഡിപ്പോകളിലെ ബസുകളിലാണ് സൗജന്യ യാത്ര.

✪✪✪

സ്ത്രീകൾക്ക് മുഴുവൻ KSRTC ബസുകളിലും സൗജന്യ യാത്ര ഉറപ്പാക്കുമെന്ന തിരഞ്ഞെടുപ്പ് വാഗ്ദാനം UDF ഗവൺമെന്റ് ലംഘിച്ചെന്നാരോപിച്ച് BJP ഇന്ന് സംസ്ഥാനത്ത് പ്രതിഷേധ മാർച്ചുകൾ സംഘടിപ്പിക്കും.

എല്ലാ ജില്ലാ കേന്ദ്രങ്ങളിലേയും KSRTC ഓഫീസുകളിലേക്കും ഡിപ്പോകളിലേക്കുമാണ് പാർട്ടി സംസ്ഥാന-ജില്ലാ നേതാക്കളുടെ നേതൃത്വത്തിൽ പ്രതിഷേധ മാർച്ചുകൾ.

✪✪✪

കോഴിക്കോട് ജില്ലയിൽ പുതിയ നിപ കേസുകൾ ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെന്ന് മന്ത്രി K. മുരളീധരൻ അറിയിച്ചു. മെഡിക്കൽ കോളേജ് സന്ദർശിച്ച മന്ത്രി ഡോക്ടർമാരുമായും നഴ്സിംഗ് ജീവനക്കാരുമായും ആശയവിനിമയം നടത്തിയ ശേഷം സംസാരിക്കുകയായിരുന്നു. ഇന്നലെ ലഭിച്ച 8 പേരുടെ പരിശോധനാഫലം ഉൾപ്പെടെ 11 പേരുടെയും ഫലങ്ങൾ നെഗറ്റീവ് ആണ്. നിപ രോഗബാധിതൻ നിലവിൽ കോഴിക്കോട് മെഡിക്കൽ കോളേജ് വെന്റിലേറ്ററിൽ തുടരുകയാണ്.

✪✪✪

ബേപ്പൂർ നിയോജക മണ്ഡലത്തിൽ നിപ വൈറസ് സ്ഥിരീകരിച്ച സാഹചര്യത്തിൽ, മന്ത്രി K.മുരളീധരനുമായി PA മുഹമ്മദ് റിയാസ് MLA കോഴിക്കോട്ട് കൂടിക്കാഴ്ച നടത്തി. പ്രദേശത്തെ ജനങ്ങളുടെ ആശങ്കകളും അടിയന്തര ആവശ്യങ്ങളും MLA മന്ത്രിയെ അറിയിച്ചു.

ജനങ്ങളുടെ സുരക്ഷയും നിപ പ്രതിരോധ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും ഉറപ്പാക്കുന്നതിന് എല്ലാ വിഭാഗങ്ങളും ഏകോപിപ്പിച്ച് പ്രവർത്തിക്കണമെന്ന് മുഹമ്മദ് റിയാസ് ആവശ്യപ്പെട്ടു.

✪✪✪

ഷിഗെല്ല രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട്ടിലെ കോളിയാടി AUP സ്കൂളിന്റെ അവധി ഈ മാസം 21 വരെ നീട്ടി.

നെന്മേനി പഞ്ചായത്തിലെ AUPS ചീരാൽ, സെന്റ് ആന്റണീസ് AUPS പഴൂർ, സെന്റ് തോമസ് ALPS പുത്തൻകുന്ന്, തേജസ് നഴ്സറി സ്കൂൾ, HSS ചീരാൽ, GHS ആനപ്പാറ, സുൽത്താൻ ബത്തേരി നഗരസഭ പരിധിയിലെ സെന്റ് മേരീസ് കോളേജ് ഹയർസെക്കണ്ടറി ആന്റ് HS സ്കൂൾ, കുപ്പാടി ഹൈസ്കൂൾ, WMO ഇംഗ്ലീഷ് സ്കൂൾ, GHS ചേനാട്, നൂൽപ്പുഴ പഞ്ചായത്തിലെ മാതമംഗലം മർക്കസ് പബ്ലിക് സ്കൂൾ, അമ്പലവയൽ പഞ്ചായത്തിലെ വ്യാസ വിദ്യാ മദർ , സെവൻത് ഡേ സ്കൂൾക്ക് ഈ മാസം 17 വരെയുമാണ് രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി ജില്ലാ കലക്ടർ അവധി പ്രഖ്യാപിച്ചത്.

✪✪✪

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇന്ന് 'യാത്രി സുവിധാ ദിവസം' ആചരിക്കുമെന്ന് എയർപോർട്ട് ഡയറക്ടർ മുകേഷ് യാദവ് അറിയിച്ചു. യാത്രക്കാർക്ക് ലോകോത്തര സേവനവും തടസ്സമില്ലാത്ത യാത്രാ അന്തരീക്ഷവും ഒരുക്കുകയാണ് പരിപാടിയുടെ ലക്ഷ്യം.

✪✪✪

ഇന്ന് ലോക വയോജന അതിക്രമ വിരുദ്ധ ദിനം. വയോജനങ്ങൾക്കെതിരായ അതിക്രമങ്ങൾ തടയാൻ ബോധവൽക്കരണ സന്ദേശം പൊതുജനങ്ങളിൽ എത്തിക്കുന്നതിനാണ് എല്ലാ വർഷവും ജൂൺ 15 ലോക വയോജന അതിക്രമ വിരുദ്ധ ദിനമായി ആചരിക്കുന്നത്.

സംസ്ഥാന തല ബോധവത്കരണ ദിനാചരണ പരിപാടി മുഖ്യമന്ത്രി VD. സതീശൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

✪✪✪

ഇന്ന് ആഗോള കാറ്റാടി ദിനം. കാറ്റാടിയിലൂടെ ലഭിക്കുന്ന ഊർജ്ജത്തെക്കുറിച്ചും, കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിൽ കാറ്റാടിയുടെ പ്രാധാന്യത്തെക്കുറിച്ചും അവബോധം വളർത്തുകയാണ് ദിനാചരണ ലക്ഷ്യം. “കാറ്റാടി ഊർജ്ജം: അഭിലാഷത്തിൽ നിന്ന് ത്വരിതപ്പെടുത്തലിലേക്ക്” എന്ന വിഷയത്തിൽ ഇന്ന് ഗോവയിൽ ആഗോള കാറ്റാടി ദിന സമ്മേളനം സംഘടിപ്പിക്കും. "നമ്മുടെ കാറ്റ്, നമ്മുടെ സമൂഹം" എന്നതാണ് ഈ വർഷത്തെ കാറ്റാടി ദിന പ്രമേയം.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ 12 വർഷത്തിനിടെ സബ്കാ സാത്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ് എന്നീ ദർശനങ്ങളാൽ ഇന്ത്യ ശ്രദ്ധേയ പരിവർത്തനങ്ങൾക്കാണ് വിധേയമായത്. ദരിദ്രർ, കർഷകർ, സ്ത്രീകൾ, യുവാക്കൾ എന്നിവരുടെ ക്ഷേമത്തിനും, ശാക്തീകരണത്തിനും കേന്ദ്രഗവണ്മെന്റ് നിരവധി മുൻനിര സംരംഭങ്ങൾ നടപ്പാക്കി.ആകാശവാണി തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട്.

...വോയ്സ്....

ലോകോത്തര അടിസ്ഥാന സൗകര്യങ്ങളുടെ അടിത്തറയിലാണ് ശക്തവും ആധുനികവുമായ രാഷ്ട്രം കെട്ടിപ്പടുക്കുന്നത്.12 വർഷത്തിനിടയിൽ ഇന്ത്യ അഭൂതപർവ്വമായ പരിവർത്തനയാത്രയാണ് ആരംഭിച്ചത്.അടിസ്ഥാന സൗകര്യങ്ങൾ നയിക്കുന്ന വികസനം അതിന്റെ നാഴികക്കല്ലായി.ഈ മേഖലയിൽ ചെലവ് ആറ് മടങ്ങായി വർധിച്ചത് കേന്ദ്രഗവണ്മെന്റിന്റെ പ്രതിബദ്ധതയാണ് ഉദാഹരിക്കുന്നത്. 2014-15 ലെ രണ്ട് ലക്ഷം കോടിയിൽ നിന്ന് ഇത് നടപ്പ് സാമ്പത്തിക വർഷം 12.2 ലക്ഷം കോടി രൂപയായി ഉയർന്നു. രാജ്യത്തെ നഗര ഗതാഗതത്തിൽ വിപ്ലവകരമായ മാറ്റങ്ങളുണ്ടായി. ഇന്ത്യയുടെ മെട്രോ റെയിൽ ശൃംഖല അഞ്ച് മടങ്ങാണ് വികസിച്ചത്. 248 കിലോമീറ്ററിൽ നിന്ന് അത് 1500 കിലോമീറ്ററായി. നഗരങ്ങളെ കൂടുതൽ ബന്ധിപ്പിക്കാനും കാര്യക്ഷമമായ യാത്രാ സൗഹൃദത്തിനും ഇത് വഴിവെച്ചു. ഇന്ന് ലോകത്തിലെ രണ്ടാമത്തെ വലിയ റോഡ് ശൃംഖല ഇന്ത്യയുടെതാണ്. 2014 ൽ 91,000 കിലോമീറ്ററായിരുന്ന ദേശീയപാതാ ശൃംഖല ഇപ്പോൾ ഒരു ലക്ഷത്തി 46,000 കിലോമീറ്ററിലായി വികസിച്ചു. റെയിൽവേയുടെ ബജറ്റ് വിഹിതം ഒമ്പത് മടങ്ങായി വർദ്ധിച്ചു. 12 വർഷം മുമ്പ് ഇത് 32,000 കോടിയായിരുന്നു. ഇപ്പോഴത് 2.78 ലക്ഷം കോടി രൂപയായി. രാജ്യത്തിന്റെ ആധുനിക വത്കരണത്തിന് ശക്തി നൽകാൻ അടിസ്ഥാന സൗകര്യ വികസനത്തിന് കഴിഞ്ഞു.

✪✪✪

ഫിഫ ലോകകപ്പിന്റെ നാലാം ദിവസമായ ഇന്നലെ ഗ്രൂപ്പ് E യിൽ ജർമ്മനി, കുറസാവോയെ ഒന്നിനെതിരെ ഏഴ് ഗോളുകൾക്ക് തോൽപ്പിച്ചു. ഡാൾസ് സ്റ്റേഡിയത്തിൽ ഗ്രൂപ്പ് F ലെ ആദ്യ മത്സരത്തിൽ നെതർലാന്റ്സ്- ജപ്പാൻ മത്സരം 2-2 ന് സമനിലയിൽ പിരിഞ്ഞു.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ...

........വോയ്സ്......

✪✪✪

ബർമിംഗ് ഹാമിൽ വനിതകളുടെ ICC ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ, പാകിസ്ഥാനെ 64 റൺസിന് പരാജയപ്പെടുത്തി. ഇന്ത്യ ഉയർത്തിയ 171 റൺസ് വിജയ ലക്ഷ്യം പിന്തുടർന്ന പാകിസ്ഥാന് 17 ഓവറിൽ 106 റൺസ് എടുക്കാനേ കഴിഞ്ഞുള്ളൂ. 44 പന്തിൽ നിന്ന് 68 റൺസ് നേടിയ ഇന്ത്യയുടെ സ്മൃതി മന്ദാനയാണ് ടോപ് സ്കോറർ. ദീപ്തി ശർമയാണ് കളിയിലെ താരം.

✪✪✪

കൊല്ലം ജില്ലയിലെ ചരിത്രപ്രസിദ്ധമായ ഓച്ചിറക്കളിക്ക് ഓച്ചിറ പടനിലത്ത് ഇന്ന് തുടക്കമാകും. രണ്ട് ദിവസത്തെ ഓച്ചിറക്കളിയെ കുറിച്ച് കൊല്ലത്ത് നിന്ന് നീരജ് ലാൽ..

.........വോയ്സ്.........

മിഥുനം ഒന്ന് രണ്ട് തീയതികളിലാണ് ആയോധനകലയിൽ ഓണാട്ടുകരയുടെ പാരമ്പര്യം പ്രകടമാകുന്ന ഓച്ചിറക്കളി..

പോയകാലത്തെ പോരാട്ടവും പടയോട്ടവും ഓർമ്മിപ്പിച്ച് 2 ദിവസം പടനിലത്ത് ചുവടും അടവും അങ്കംവെട്ടും നടക്കും. മിഥുനമഴയുടെ അന്തരീക്ഷത്തിൽ ചെളിനിറഞ്ഞ എട്ട്കണ്ടത്തിലും തകടിക്കണ്ടത്തിലും ഇറങ്ങി അങ്കംവെട്ടുന്ന യോദ്ധാക്കളുടെ പോരാട്ടവീര്യം കാണികളിൽ ആവേശം നിറയ്ക്കും. കുട്ടികൾ മുതൽ പ്രായമുള്ളവർവരെ സംഘത്തിലുണ്ടാകും. ഓണാട്ടുകരയിലെ കാർത്തികപ്പള്ളി കരുനാഗപ്പള്ളി മാവേലിക്കര താലൂക്കുകളിൽ ഉൾപ്പെട്ട 52 കരകളിലെ കളരികളിൽ ഒരുമാസം വ്രതാനുഷ്ഠാനത്തോടെ അടവും ചുവടും ഗുരുക്കന്മാരിൽ നിന്നും പരിശീലിച്ചാണ് യോദ്ധാക്കൾ പവിത്രമായ പരബ്രഹ്മസന്നിധിയിൽ ഓച്ചിറക്കളിക്ക് എത്തുക. എഴുന്നൂറോളം കളരി സംഘങ്ങളാണ് ഇത്തവണ ഓച്ചിറക്കളിക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കരക്കളി മത്സരത്തോടെയാണ് തുടക്കം. പരബ്രഹ്മഭൂമിയിൽ ശംഖനാദം മുഴങ്ങുന്നതോടെ കളിസംഘങ്ങൾ ക്ഷേത്ര ഭരണസമിതി ഓഫീസിനുമുന്നിൽ അണിനിരക്കും. തുടർന്ന് പടത്തലവന്മാർ പതാകയേന്തിയുള്ള കരഘോഷയാത്ര. കരഘോഷയാത്ര കിഴക്ക് പടിഞ്ഞാറ് കരകളിലായി പിരിഞ്ഞ്, എട്ടുകണ്ടത്തിന്റെ ഇരുവശത്തായിനിന്ന് കരക്കളി നടത്തും. പിന്നീട് ഇരുകരകളിൽ നിന്ന് കരനാഥ ന്മാരും പടത്തലവൻമാരും എട്ട് കണ്ടത്തിന്റെ മധ്യഭാഗത്തെത്തി പരസ്പരം കരപറഞ്ഞ് ഹസ്തദാനം ചെയ്യുന്നതോടെ യോദ്ധാക്കൾ ആയുധങ്ങളുമായി എട്ട്കണ്ടത്തിലിറങ്ങി വായ്ത്താരിയോടെ അങ്കംവെട്ടും. തകടിക്കണ്ടത്തിലും പോരാട്ടം നടത്തിയശേഷം ക്ഷേത്രക്കുളത്തിൽ കുളിച്ച് കളിസംഘങ്ങൾ പിരിയും.

✪✪✪

അഖില കേരള റേഡിയോ ലിസണേഴ്സ് അസോസിയേഷൻ മലപ്പുറം ജില്ലാ കമ്മറ്റി ആകാശവാണി നവതി ആഘോഷസെമിനാർ സംഘടിപ്പിച്ചു. അരീക്കോട് വ്യാപാര ഭവൻ ഓഡിറ്റോറിയത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് PA ജബ്ബാർ ഉദ്ഘാടനം ചെയ്തു. ആകാശവാണി കോഴിക്കോട് നിലയത്തിൽ നിന്നു വിരമിച്ച പ്രോഗ്രാം - വാർത്താ വിഭാഗം ഉദ്യോഗസ്ഥരെ ചടങ്ങിൽ ആദരിച്ചു.

✪✪✪

*News Editor & News Reader : വി കെ സുരേഷ്*
*News Team: സബിത കെ, രജിന കെ*
*DEO: സി കെ സുബോധ്*